**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **08-10-2021 - ൽ മറുപടിയ്ക്ക്**

**വാഹന രൂപമാറ്റം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തം വാഹനം ഉടമകൾക്ക് രൂപമാറ്റം വരുത്തുന്നതിനായി നിലവിൽ ഏത് തരത്തിലുള്ള നിയമമാണുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 52 പ്രകാരം, വാഹനങ്ങളുടെ അടിസ്ഥാനഘടനയിൽ വ്യതിയാനം വരുത്തുന്നതും വാഹന നിർമ്മാതാവ് നൽകിയിട്ടുള്ള പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ specification –ൽ മാറ്റം വരുത്തുന്നത് അനുവദനീയമല്ല. എന്നാൽ ബാറ്ററി, സൗരോർജ്ജം, പ്രകൃതിവാതകം മുതലായവ ഇന്ധനമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ അംഗീകൃത കിറ്റുകൾ ഉപയോഗിച്ച് വാഹനത്തിൽ modification വരുത്താവുന്നതാണ്. കേട്ടുപാട്ടു സംഭവിച്ച ഷാസി മാറ്റി പുതിയവ ഘടിപ്പിക്കാൻ അനുമതിയുണ്ട്. വാഹനത്തിലെ സീറ്റിംഗ് ക്രമീകരണത്തിൽ മാറ്റം വരുത്താവുന്നതാണ്. വാഹനത്തിന്റെ ഉപയോഗം അനുസരിച്ചുള്ള തരം (classification) മാറ്റുന്നതിനും അനുമതിയുണ്ട്. |
| (ബി) | വാഹന ഉടമകൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം വാഹനം വലിയ തോതിൽ രൂപമാറ്റം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മറ്റ് വാഹനങ്ങൾക്കും യാത്രക്കാർക്കും അപകടമുണ്ടാക്കുന്ന വിധത്തിൽ വാഹനങ്ങൾ ആകർഷകമാക്കുന്ന തരത്തിൽ രൂപമാറ്റം വരുത്തുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) | ഇത്തരത്തിൽ നിയമലംഘനം നടത്തി ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക വാഹന പരിശോധനകൾ നടത്തി മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുന്നതിനുള്ള ശക്തമായ നടപടികൾ തുടർന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ